## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1893 — 16.06.2014-ൽ മറുപടിക്ക്.

## ആലപ്പുഴ ഫയർസ്റ്റേഷനിലെ ഒഴിവുകൾ നികത്തൽ

ചോദ്യം — മറുപടി

ശ്രീ. ജി. സുധാകരൻ — ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) ആലപ്പുഴ ജില്ലാ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ അനുവദനീയമായ തസ്തികകൾ എത്ര; നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്ര; ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

: (എ)

| തസ്തിക | അനുവദിച്ചിട്ടുള്ള സംഖ്യാബലം | നിലവിൽ ജോലി ചെയ്യുന്ന വരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| സ്റ്റേഷൻ ഓഫീസർ | 1 | 1 | ഇല്ല |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 2 | 2 | ഇല്ല |
| ലീഡിംഗ് ഫയർമാൻ | 11 | 10 | 1 |
| ഡ്രൈവർ മെക്കാനിക്ക് | 2 | 2 | ഇല്ല |
| ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ | 20 | 16 | 4 |
| ഫയർമാൻ | 52 | 21 | 31 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 | ഇല്ല |

മറുപുറം

| | |
|---|---|
| (ബി) നിലവിലുണ്ടായിരുന്ന ജീവനക്കാരിൽ എത്ര പേരെ അടുത്തകാലത്ത് സ്ഥലംമാറ്റി ഉത്തരവായിട്ടുണ്ട്; ഇവർക്ക് പകരം ആളെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബിയും, സിയും) ജീവനക്കാരുടെ ആവശ്യപ്രകാരവും ഭരണ സൗകര്യാർത്ഥവും 12 പേർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. (ഫയർമാൻ -10, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ-2, ഒരു ലീഡിംഗ് ഫയർമാൻ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറായി സ്ഥാനക്കയറ്റം നൽകി) -പകരം ആളെ നിയമിച്ചിട്ടില്ല.<br>ലീഡിംഗ് ഫയർമാന്റെ ഒഴിവ് താമസം കൂടാതെ സ്ഥാനക്കയറ്റം വഴി നികത്തുന്നതാണ്. ഫയർമാൻ തസ്തികയിൽ വകുപ്പിൽ 1010 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് പരിശീലനം നൽകി നിയമനം ആലപ്പുഴ സ്റ്റേഷനിലും നടത്തുന്നതാണ്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ 42 പേരുടെ അഡ്വൈസ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇവർക്ക് ഉടൻതന്നെ ട്രെയിനിംഗ് ആരംഭിക്കുന്നതും ആലപ്പുഴ സ്റ്റേഷൻ ഉൾപ്പെടെ വകുപ്പിൽ നിയമനം നടത്തുന്നതുമാണ്.<br>അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല |
| (സി) ദേശീയപാത, തീരദേശം, കനാലുകൾ, കയർ ഫാക്ടറികൾ, ചെമ്മീൻ ഫാക്ടറികൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ അടിയന്തിര രക്ഷാ പ്രവർത്തനം നടത്തേണ്ട ആലപ്പുഴ ജില്ലാ ഫയർ സ്റ്റേഷനിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും ആവശ്യമായ അധികതസ്തിക സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ